**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3805** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാലയുടെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാല ആരംഭിക്കുമ്പോൾ ആകെ എത്ര ഏക്കർ ഭൂമിയാണ് യൂണിവേഴ്സിറ്റിയുടെ കൈവശം ഉണ്ടായിരുന്നത്; നിലവിൽ എത്ര ഏക്കർ ഭൂമിയാണ് കൈവശം ഉള്ളത്; വ്യക്തമാക്കാമോ; | (എ) | കാലിക്കറ്റ് സർവകലാശാല ആരംഭിക്കുമ്പോൾ 241.123 ഹെക്ടർ ഭൂമിയാണ് യൂണിവേഴ്സിറ്റിയുടെ കൈവശം ഉണ്ടായിരുന്നത്. നിലവിൽ തേഞ്ഞിപ്പലം, ചേലേമ്പ്ര, മൂന്നിയൂർ, പള്ളിക്കൽ എന്നീ ഗ്രാമ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന പ്രധാന ക്യാമ്പസ്സിലായി 204.9953 ഹെക്ടർ ഭൂമിയാണ് സർവകലാശാലയുടെ കൈവശം ഉള്ളത്. |
| (ബി) | നാളിതുവരെ ആർക്കെല്ലാം, ഏതെല്ലാം ആവശ്യങ്ങൾക്കാണ് യൂണിവേഴ്സിറ്റി ഭൂമി വിട്ടുനല്കിയത് എന്നതിന്റെയും ആയതിന് സർവ്വകലാശാലയ്ക്ക് ലഭിച്ച പ്രതിഫലത്തിന്റെയും വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ്, ജി.എൽ.പി.എസ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ് എന്നീ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ ആവശ്യത്തിനായും, വൈദ്യുത സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി KSEB-ക്കും സർവകലാശാല ഭൂമി സൗജന്യമായി അനുവദിച്ചു നൽകിയിട്ടുണ്ട് .<br><br>ടെക്നോ-ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് സർവകലാശാല ഭൂമി അനുവദിച്ചുനൽകുകയും ഇതിനു പ്രതിഫലമായി 2,86,83,800/- രൂപ സർവകലാശാലക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ദേശീയ പാത വീതി കൂട്ടുന്ന പ്രവൃത്തികളുടെ ഭാഗമായി സർവകലാശാല ഭൂമി NHAI ഏറ്റെടുത്തിട്ടുണ്ട് (ചേലേമ്പ്ര, മൂന്നിയൂർ, പള്ളിക്കൽ, തേഞ്ഞിപ്പലം). ഇതിന്റെ നഷ്ടപരിഹാര തുകയായി വിലയിരുത്തപ്പെട്ട ₹ 95,30,48,050/- രൂപയിൽ നിന്നും ₹94,40,86,946/- രൂപ, (തൊണ്ണൂറ്റി നാല് കോടി നാല്പത് ലക്ഷത്തി എൺപത്തി ആറായിരത്തി തൊള്ളായിരത്തി നാല്പത്തിയാറ് രൂപ മാത്രം) സർക്കാർ നിർദ്ദേശ പ്രകാരം ട്രഷറിയിലെ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചതായി കോംപിറ്റന്റ് അതോറിറ്റി & ഡെപ്യൂട്ടി കളക്ടർ ലാൻഡ് |

| | | | |
|---|---|---|---|
| | | | അക്വിസിഷൻ (NH) മലപ്പുറം, സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ